**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5784** **08-07-2024 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം നിയന്ത്രിക്കാൻ കൈക്കൊള്ളുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില അനിയന്ത്രിതമായി കൂടുന്ന സാഹചര്യത്തിൽ പഴവർഗങ്ങൾ, പച്ചക്കറി, മീൻ അടക്കമുള്ളവയുടെ വിലകുറയ്ക്കാൻ കൈക്കൊള്ളുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പനശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ചു ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വില നിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരങ്ങൾ അവലോകനം ചെയ്യുന്നതിനായി GO (Rt) No. 470/2023/FCSD dtd 23/11/2023 പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം അതാത് ജില്ല കളക്ടർ, ഭക്ഷ്യ കൃഷി എന്നീ വകുപ്പുകളിലെ ജില്ലതല ഉദ്യോഗസ്ഥർ എന്നിവർ എല്ലാ മാസവും യോഗങ്ങൾ ചേർന്ന് ശുപാർശകൾ സഹിതമുള്ള റിപ്പോർട്ട് ഭക്ഷ്യ പൊതു വിതരണ കമ്മീഷണർക്ക് സമർപ്പിക്കുകയും ഭക്ഷ്യ പൊതു വിതരണ കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട് . |

ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലകളിലുള്ള മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ചരക്ക് നീക്കത്തിൽ ഉണ്ടായാൽ അവ മാറ്റുന്നതിനും ചരക്ക് നീക്കം സുഗമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപത്രിക പ്രദർശിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോട്ടുകൂടി സപ്ലൈകോ നടത്തി വരുന്ന വിപണി ഇടപെടലിലൂടെ 13 ഇനം അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട് ലെറ്റുകൾ (മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്) വഴി 35% സബ്സിഡി നൽകി വിതരണം നടത്തി വരുന്നു. ഇത് കൂടാതെ ഉത്സവ സീസണുകളിൽ ജില്ല സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധന നടത്തുകയും പ്രസ്തുത ജില്ല-താലൂക്ക് തല സ്ക്വാഡുകളുടെ സഹായത്തോട്ടുകൂടി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടഞ്ഞ് വിപണിവില പിടിച്ചു നിർത്തുന്ന നടപടികൾ വകുപ്പ് സ്വീകരിച്ച് വരുന്നു. പൊതുവിപണിയിൽ അരിയുടെ വിലവർദ്ധന തടയുന്നതിനുവേണ്ട ശബരി 'കെ-റൈസ്' വിതരണം ചെയ്തു കൊണ്ട് ക്രിയാത്മകമായ ഇടപെടലാണ് സപ്ലൈകോ നടത്തിയിട്ടുള്ളത്.

പച്ചക്കറി, പലവ്യഞ്ജനം, പഴവർഗ്ഗങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണി പരിശോധന കർശനമാക്കിയിട്ടുണ്ട്. വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്ക് എതിരെ നടപടി സ്വീകരിച്ചു വരുന്നു. അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ' Price Monitoring Cell' പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിലും Price Monitoring Cell ന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽ നിന്നും വിലകൾ

| | | | |
|---|---|---|---|
| | | | ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ Upload ചെയ്തു വരുന്നു.<br><br>പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ ‘Centre for Price Research Kerala’ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ